No.10/2018/SRG/LSGD(3)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.2018 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേര് വിവരം ഹാജർ രജിസ്റ്റർ പ്രകാരം .

## 1.പൊതു അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇതുവരെയുള്ള പദ്ധതി ചെലവ് 4.61 ശതമാനമാണ്. ലൈഫ് പദ്ധതി പ്രകാരം ഇതുവരെ 34,512 വീടുകൾ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ പ്രോജക്ടുകളിൽ എത്രയെണ്ണത്തിന്റെ വെറ്റിംഗ് പൂർത്തിയായെന്നും എത്ര പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകിയെന്നുമുള്ള വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി മുതൽ നൽകണം. 50 ശതമാനത്തിൽ താഴെ മാത്രം സാങ്കേതികാനുമതി നൽകിയിട്ടുള്ള എഞ്ചിനീയർമാരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകമായി അവലോകനയോഗം നടത്തണം.

നടപടി: 1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജൂൺ അവസാനം മുതൽ ആരംഭിക്കുന്ന ജില്ലാതല അവലോകനയോഗത്തിൽ വാട്ടർ റിസോഴ്സ് സെക്രട്ടറി കൂടി പങ്കെടുക്കണം.

നടപടി: 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

## 2. തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടിക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി നൽകിയ കരട് മാർഗ്ഗരേഖ അംഗീകരിച്ച് അടിയന്തിരമായി ഉത്തരവിറക്കാൻ നിർദ്ദേശിച്ചു.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ധനകാര്യ വകുപ്പ്

### 2.1 05.03.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.68**

**Diploma in Community Based Rehabilitation Course പാസായവരുടെ അപേക്ഷ (LSGD- DA1-552/2017 - LSGD)**

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ബഡ്സ് സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയ്സ്ഡ് റിഹാബിലിറ്റേഷൻ (ഏക വർഷ കോഴ്സ്) എന്ന കോഴ്സ്

ഉൾപ്പെടുത്തിയിട്ടില്ല. DCBR പാസായവരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് കുടുംബശ്രീ മിഷൻ ഡയറക്ടറുടെ റിപ്പോർട്ട്.

DCBR പാസായവരെകൂടി ഉൾപ്പെടുത്താമെന്ന് കുടുംബശ്രീ മിഷൻ ഡയറക്ടർ അറിയിച്ചതനുസരിച്ച് ഈ കോഴ്സ് പാസായവരെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**ഖണ്ഡിക 4.105**

**പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2018-ലെ C4-01/17-ാം നമ്പർ കത്ത്.**

സ്ട്രീറ്റ് ലൈറ്റിന് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് അനെർട്ട് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എസ്റ്റിമേറ്റ് തുക 24.00 ലക്ഷം രൂപ. ഇതിന് 10 ശതമാനം സർവ്വീസ് ചാർജ്ജടക്കം 26.40 ലക്ഷം രൂപ അനെർട്ടിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് അനെർട്ട് ഡയറക്ടറുടെ അഭിപ്രായ മുൾപ്പെടുത്തിയ റിപ്പോർട്ട്

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

**ഖണ്ഡിക 4.110**

**പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.01.2018-ലെ കത്ത്**

2016-17-ൽ ശുചിത്വ മേഖലയിൽ ബയോഡൈജസ്റ്റർ പോട്ട് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. കഴിഞ്ഞ വർഷം ഇതിന് സാങ്കേതികാനുമതി ലഭിച്ചില്ല. ഈ വർഷം സ്പിൽഓവറായി തുടരുന്നു. ഇതിന് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതികാനുമതി ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ശുചിത്വ മിഷൻ ഡയറക്ടർ നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**2.2 21.03.2018 ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗത്തിന്റെ തീരുമാനപ്രകാരം നടപടിസ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.51**

**ശാന്തൻപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2018-ലെ B1-400/18-നമ്പർ കത്ത്**

2015-16-ൽ ബഹു. ഉടുമ്പൻചോല എം.എൽ.എയുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്ന് ശാന്തൻപാറ ബസ് സ്റ്റാന്റ് നിർമ്മാണത്തിന് 50.00 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തികൾ KAICO -യെ ഏൽപ്പിച്ചു. നിർമ്മാണ ഘട്ടത്തിൽ ടോയ് ലറ്റിന് ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലം പാറയായതിനാൽ എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികമായി പ്രവൃത്തി ചെയ്യേണ്ടി വന്നു. ഇതിന്റെ ചെലവ് 20.00 ലക്ഷം രൂപയാണ്. ഈ തുക KAICOയക്ക് നൽകാൻ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 20.00 ലക്ഷം രൂപ പഞ്ചായത്ത് ഈ വർഷം

വകയിരുത്തിയിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തി ആയതിനാൽ തുക നൽകാൻ അനുമതി സംബന്ധിച്ച്. ഇതു സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും ചേർന്ന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയും പ്രകാരമാണ്.

(എ) അടിയന്തിര പ്രാധാന്യത്തോടെ അംഗീകൃത എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളേക്കാൾ അധികരിച്ച അളവിൽ പ്രവൃത്തികൾ നടപ്പിലാക്കേണ്ടിവന്ന സാഹചര്യം ഉണ്ടായതായി കാണുന്നില്ല.

(ബി) സെപ്റ്റിക് ടാങ്കിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് 20 ലക്ഷം രൂപ അധികമായി ചെലവഴിക്കേണ്ടി വന്നത് എന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കോഓർഡിനേഷൻ കമ്മിറ്റിയെ തെറ്റിദ്ധരിപ്പിക്കുക യായിരുന്നു എന്ന് കാണുന്നു. ഈ തുക മറ്റ് ആവശ്യത്തിനാണ് ഉപയോഗിച്ചത്.

(സി) അംഗീകൃത എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾ അധികമായി നടപ്പിലാക്കുക വഴിയും അവയ്ക്കായി പുതിയ റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുവഴിയും KAICO നിലവിലുള്ള മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിൽ നടപ്പിലാക്കിയ പ്രവൃത്തിക്ക് പഞ്ചായത്തിന് അനുവദിച്ച ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ഉപയോഗിക്കാവുന്നതല്ല.

ഈ സാഹചര്യത്തിൽ അനുമതി നൽകുന്നില്ല. വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

## 2.3. 12.04.2018 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

### ഖണ്ഡിക 2.8

പി.എം.എ.വൈ ഭവന പദ്ധതിയിൽ വീടിന്റെ യൂണിറ്റ് നിരക്ക് അർബൻ 1,50,000/- രൂപയും റൂറൽ 1,20,000/ രൂപയുമാണ്. ഇതിന്റെ 60 ശതമാനം കേന്ദ്ര സഹായമായി ലഭിക്കും. ഇത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി നിശ്ചയിച്ചാണ് ധനസഹായം നൽകുന്നത്. അതിനാൽ പി.എം.എ.വൈ-ലൈഫ് മിഷൻ എന്ന പേരിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഉത്തരവ്

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) നഗരകാര്യ ഡയറക്ടർ

### ഖണ്ഡിക 2.16

കേരള മുനിസിപ്പൽ /പഞ്ചായത്ത് രാജ് നിയമ പ്രകാരം വാർഡ്സഭകൾക്കും ഗ്രാമസഭകൾക്കും തദ്ദേശഭരണ സ്ഥാപനതല വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ക്രമീകരണങ്ങൾ ഇതുവരെയും ചെയ്തിട്ടില്ല. ഈ വിവരങ്ങൾ ശേഖരിക്കുന്നതിന് ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതു

സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് ഡയറക്ടറും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറും ചേർന്ന് നടപടി അടിയന്തിരമായി പൂർത്തിയാക്കണം

നടപടി:- 1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
3) കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ

**ഖണ്ഡിക 2.17**

SCSP/TSP വിഭാഗത്തിലെ പൊതുപ്രോജക്ടുകൾക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും വേണം. എന്നാൽ ബന്ധപ്പെട്ട വെറ്റിംഗ് ഉദ്യോഗസ്ഥൻ ഇത് കൃത്യമായി പരിശോധിക്കുന്നുണ്ടോ എന്നറിയാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. ഇതിന്റെ റിപ്പോർട്ട് എസ്.ആർ.ജി.യിൽ നിന്നും നൽകിയിട്ടുണ്ട്, വെറ്റിംഗ് നടത്തുമ്പോൾ ഇതു കൂടി രേഖപ്പെടുത്താൻ (മാൻഡേറ്ററി) പ്രോജക്ട് പ്രൊഫോർമയിൽ ക്രമീകരണമൊരുക്കണം.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**ഖണ്ഡിക 2.18**

പദ്ധതി ആസൂത്രണ - അംഗീകാര പ്രക്രിയ സുലേഖ സോഫ്റ്റ് വെയറിലൂടെയാക്കിയതുപോലെ പ്രോജക്ടുകളുടെ നിർവ്വഹണ പ്രക്രിയ സുലേഖ സോഫ്റ്റ് വെയർ വഴി വിലയിരുത്താനുള്ള ക്രമീകരണം നടത്തണം. ഉദാ: ടെണ്ടർ അംഗീകാരം, പർച്ചേയ്സ് ഓർഡർ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതലായവ. ഇതു സംബന്ധിച്ച് സാധ്യതാ റിപ്പോർട്ട് ഐ.കെ.എം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുമ്പ് നൽകണം.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**ഖണ്ഡിക 2.23**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും പരിശോധിച്ച് നിർദ്ദേശം നൽകുന്നതിന് താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സ്വീകരിച്ച നടപടി.

1. പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് -കൺവീനർ
2. ഡോ.കെ.എൻ. ഹരിലാൽ മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് & ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
3. ഡോ. ഡി. നാരായണ, ഡയറക്ടർ, GIFT
4. പഞ്ചായത്ത് ഡയറക്ടർ
5. നഗരകാര്യ ഡയറക്ടർ
6. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
7. ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് ഫിനാൻസ് സെൽ
8. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്
9. ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

## 2.4 02.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.2**

2017-18 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് വളരെ മികച്ചതാണ്. എന്നാൽ ചില വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥൻമാരുടെ പദ്ധതി ചെലവ് വളരെ കുറവാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ യോഗങ്ങളിൽ വിലയിരുത്തിയിരുന്നു. ഈ വകുപ്പുകളും ഉദ്യോഗസ്ഥൻമാരും ഏതൊക്കയാണ് എന്നത് സംബന്ധിച്ച വിവരം തയ്യാറാക്കി നൽകണം.

നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**ഖണ്ഡിക 3.8**

ലൈഫ് മിഷൻ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുമായി സംയോജിപ്പിക്കുന്നത് കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർക്ക് പരിശീലനം നൽകണം. ഇതു സംബന്ധിച്ച സ്വീകരിച്ച നടപടി.

നടപടി:1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

**ഖണ്ഡിക 3.9**

ഗ്രാമസഭ അംഗീകരിച്ച ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ആരേയും ഒഴിവാക്കാവുന്നതല്ല. അനർഹരായവരുണ്ടെങ്കിൽ അതിന്റെ വ്യക്തമായ കാരണം രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണം. ഉചിതമായ തീരുമാനം ഭരണസമിതിക്ക് കൈക്കൊള്ളാവുന്നതാണ്. ആവശ്യമെങ്കിൽ തീരുമാനമെടുക്കാൻ സർക്കാരിലേയ്ക്ക് സമർപ്പിക്കണം. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ്

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ

**ഖണ്ഡിക 3.12**

ഗ്രാമപഞ്ചായത്തിലും നഗരസഭകളിലുമുള്ള അറവുശാലകൾ, മാലിന്യസംസ്കരണ പ്ലാന്റ്, ക്രിമിറ്റോറിയം എന്നിവയുടെ (ആധുനീക രീതിയിലുള്ളതും പഴയതും തരംതിരിച്ച്) ലിസ്റ്റ നഗരകാര്യ ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു. ആധുനിക അറവുശാലകൾ, മാലിന്യ സംസ്കരണ പ്ലാന്റ്, ക്രിമിറ്റോറിയം എന്നിവ ഇല്ലാത്ത നഗരസഭകളിൽ ഇവ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ ആവശ്യമായ ഇടപെടൽ നഗരകാര്യ ഡയറക്ടർ നടത്തണം. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് മുകളിൽ പറഞ്ഞ വിശദാംശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ പഞ്ചായത്ത് ഡയറക്ടർ നൽകണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ

ഖണ്ഡിക 4.6

**<u>മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.04.2018-ലെ കത്ത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ തീയതികളിലെ മിനിട്സും</u>**

നെല്ല് സംസ്കരണ യൂണിറ്റ് എന്ന പേരിൽ (പ്രോ.നം. 117/18 അടങ്കൽ 10.00 ലക്ഷം രൂപ) 2017-18-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിന് വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകാരം നിരസിച്ചു. സൗകര്യം മെച്ചപ്പെടുത്തുന്നതിന് 2.00 ലക്ഷം രൂപ , റിവോൾവിംഗ് ഫണ്ട് 3.20 ലക്ഷം രൂപ, കൈകാര്യ ചെലവ് 4.80 ലക്ഷം രൂപ എന്നിങ്ങനെയാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ തീയതികളിലെ യോഗം ഇതിന് അനുമതി നൽകിയില്ല. ഇത് പുനഃപരിശോധിച്ച് അനുമതി നൽകണമെന്നതു സംബന്ധിച്ച റിപ്പോർട്ട്.

**അഭിപ്രായക്കുറിപ്പ് :-** ഈ പ്രോജക്ട് വിശദമായി പരിശോധിച്ച് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകി. പ്രദേശത്ത് ആകെ ഉല്പാദിപ്പിക്കുന്നതിന്റെ 1.56 ശതമാനം നെല്ലിനു മാത്രമേ ഈ പ്രോജക്ട് കൊണ്ട് പ്രയോജനം ലഭിക്കുന്നുള്ളൂവെന്നും സൊസൈറ്റിയുടെ പ്രവർത്തനം ഫലപ്രദമല്ലായെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി:1) തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്

2) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ)

ഖണ്ഡിക 4.13

**<u>4.13 ഇടുക്കി ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 26.04.2018-ലെ B1-1233/16-ാം നമ്പർ കത്തും അനുബന്ധ കുറിപ്പും</u>**

ജില്ലാ പഞ്ചായത്തിന്റെ വിവിധ കെട്ടിടത്തിലെ പഴയ വയറിംഗ് മാറ്റി പുതിയ വയറിംഗിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. വൈദ്യുതി മീറ്റർ സ്ഥാപിക്കൽ 5,00,000/- രൂപ . വിവിധ കെട്ടിടങ്ങളുടെ വൈദ്യുതീകരണം 10,00,000/- രൂപ. ഈ പ്രവൃത്തികൾ ടെണ്ടർ നടപടി കൂടാതെ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചു. പ്രവൃത്തിയുടെ നല്ലൊരു ഭാഗം ചെയ്തു കഴിഞ്ഞു. തുക നൽകാത്തതിനാൽ നിർമ്മിതി കേന്ദ്രം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. വൈദ്യുതീകരണത്തിനുള്ള അക്രഡിറ്റഡ് ഏജൻസിയല്ല നിർമ്മിതി കേന്ദ്രം . അതിനാൽ തുക നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകണം

നടപടി:1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ

## 3. പൊതു വിഷയങ്ങൾ

=================

3.1 സ്പിൽ ഓവർ പ്രോജക്ടുകൾ സംബന്ധിച്ച് 12.04.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 02.05.2018-ലെ DA1/439/2018/തസ്വഭവ നമ്പർ സർക്കുലറിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. എന്നാൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2018-19-ലെ വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താൻ അനുമതി നൽകുന്നു. ഇപ്രകാരം വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ ഭേദഗതി വരുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2018-19-ലെ അന്തിമ വാർഷിക പദ്ധതി 16.06.2018-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന ഭേദഗതികൾ അനുവദിക്കാൻ തീരുമാനിച്ചു.

(i) 02.05.2018-ലെ DA1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി - 2-ൽ വരുന്ന സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുമുള്ള ഭേദഗതി

(ii) വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്താൽ

(iii) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: കായിക വികസനം, സംരംഭകത്വ ക്ലബ് തുടങ്ങിയവ) ഉൾപ്പെടുത്താൻ

(iv) ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

(v) കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തൽ

(vi) 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

(vii) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ( ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കാവുന്നതാണ്.

ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ ഖണ്ഡിക - 3-ൽ പറഞ്ഞിരിക്കുന്ന

പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

ഭേദഗതി/പുതിയ പ്രോജക്ടുകൾ വെറ്റിംഗ്/സാങ്കേതികാനുമതിക്ക് ശേഷമാണ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടത്.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.2 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി പ്രകാരം 31.03.2018 വരെ ട്രഷറികളിൽ സമർപ്പിച്ച ബില്ലുകളിൽ ചിലതിന്റെ തുക മാറി നൽകാൻ കഴിഞ്ഞില്ല. ഇവ ക്യൂ ബിൽ ഗണത്തിൽപ്പെടുത്തിയിരുന്നു. ഇത്തരം ബില്ലുകളുടെ തുക നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം സാംഖ്യ സോഫ്റ്റ് വെയറിൽ പ്രത്യേക ക്രമീകരണം ചെയ്തിരുന്നു. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്യൂ ബില്ലുകൾ പൂർണ്ണമായും നൽകാൻ പര്യാപ്തമായ തുക ട്രഷറിയിൽ ഇല്ല. ഈ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ക്യൂ ബില്ലുകളിലെ തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ഐ.കെ.എം. നൽകിയിട്ടുണ്ട്. അനുവദിക്കേണ്ട തുക താഴെപ്പറയും പ്രകാരമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് സഹിതം ധനവകുപ്പിന് നൽകാൻ തീരുമാനിച്ചു.

| ക്രമ നം | അധിക തുക ആവശ്യമുള്ള വിഭാഗം | ആവശ്യമുള്ള തുക |
|---|---|---|
| 1 | പ്രത്യേക ഘടക പദ്ധതി വിഹിതം | 92, 29, 320/- |
| 2 | പട്ടികവർഗ്ഗ ഉപപദ്ധതി പ്ലാൻ വിഹിതം | 10,16,726/- |
| 3 | മെയിന്റനൻസ് ഗ്രാന്റ് വിഹിതം (റോഡിതരം) | 75,24,676/- |
| 4 | മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) | 98,79,175/- |
| 5 | ലോക ബാങ്ക് വിഹിതം ( 2018-19-ൽ ഗഡു നൽകാത്തത് | |
| | (i) കേന്ദ്ര വിഹിതം | 226,08,561/- |
| | (ii) സംസ്ഥാന വിഹിതം | 224,96,655/- |
| | **ആകെ** | **767,55,113/-** |

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.3 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥന്മാരുടേയും പ്രവർത്തനം സംബന്ധിച്ച് 09.05.2018-ൽ നടന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസോസിയേഷൻ ഭാരവാഹികളുടെ യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഈ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം സംബന്ധിച്ച് ചില അവസരങ്ങളിൽ വകുപ്പുമേധാവികളുടെ നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ അവ്യക്തത സൃഷ്ടിക്കുന്നുണ്ട്. ഇത് പ്രത്യേകമായി പരിശോധിച്ച് ബന്ധപ്പെട്ട ബഹു.വകുപ്പ് മന്ത്രിമാരുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്

3.4 നവകേരളം മിഷന്റെ ഭാഗമായി മിഷൻ മേധാവികൾ ജില്ലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും സെക്രട്ടറിമാരടക്കമുള്ള ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ വിളിക്കാറുണ്ട്. ഇതു കൂടാതെ ട്രെയിനിംഗിനും വിളിക്കാറുണ്ട്. വിവിധ മിഷനുകൾ ഇത്തരം യോഗം പ്രത്യേകം പ്രത്യേകമായാണ് പലപ്പോഴും വിളിക്കാറുള്ളത്. പങ്കെടുക്കുന്നവർക്ക് സമയനഷ്ടമടക്കം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ മിഷനുകളുടെതടക്കമുള്ള ഇത്തരം യോഗങ്ങൾ ഒരുമിച്ചു വിളിക്കുകയും എല്ലാ അജണ്ടകളും ഒരുമിച്ച് ചർച്ച ചെയ്യുന്ന/അവലോകനം ചെയ്യുന്ന രീതിയിലാക്കേണ്ടതാണ്. ജില്ലാ ആസൂത്രണസമിതിയുടേയോ ജില്ലാ കളക്ടറുടേയും നേതൃത്വത്തിൽ വേണം ഇപ്രകാരം യോഗം ഇനി വിളിക്കേണ്ടത്.

(നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) മിഷൻ മേധാവികൾ

3.5 ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള അപ്പീൽ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും തീരുമാനമെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കാനും ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കണം.

നടപടി:-1) ചീഫ്. ഡി.പി. ഡിവിഷൻ,
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
2) എല്ലാ ജില്ലാ കളക്ടർമാരും

3.6 നിലവിലെ സർക്കാർ നിർദ്ദേശപ്രകാരം 2017-18-ലെ ലൈഫ് മിഷൻ പ്രോജക്ടുകൾ ഈ വർഷം സ്പിൽ ഓവറായി തുടരുന്നുവെങ്കിൽ ഈ പ്രോജക്ടുകളിലെ തുക 2018-19-ലെ ബഡ്ജറ്റ് തുകയുടെ പുറത്തുകൊണ്ടുവരാമെന്നും ക്യാരി ഓവർ തുക നൽകുമെന്നുമാണ് നിർദ്ദേശിച്ചിരുന്നത്. ക്യാരിഓവർ വിഹിതത്തിനു പരിഗണിക്കേണ്ട സ്പിൽ ഓവർ പ്രോജക്ടുകൾ മാറ്റമില്ലാതെ തുടരുന്നവയായിരിക്കണം. എന്നാൽ ലൈഫിലെ ചില പ്രോജക്ടുകൾ മാറ്റത്തോടുകൂടിയാണ് ഈ വർഷം തുടരുന്നത്. (ഉദാ:- ലൈഫ് പ്രോജക്ടുകളിൽ വിശദാംശങ്ങൾ ചേർക്കാതെ തുക മാത്രമേ ചേർത്തിട്ടുള്ളൂ, പ്രവർത്തനമടക്കം പ്രോജക്ടുകളിൽ ചേർക്കേണ്ടി വരാം.) ഇപ്രകാരം മാറ്റം വരുത്തിയാൽ (Need change) 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽ ഈ പ്രോജക്ടുകൾ ഉൾപ്പെടുന്ന രീതിയിലാണ് സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്തിരിക്കുന്നത്. ലൈഫ് പദ്ധതി പ്രകാരമുള്ള സ്പിൽ ഓവർ പ്രോജക്ടുകളാണെങ്കിൽ (2017-18-ൽ ആരംഭിച്ചവ) അടങ്കൽ തുകയ്ക്ക് അകത്ത് നിന്നുകൊണ്ട് പ്രോജക്ട് നടപ്പാക്കാൻ സഹായകരമായ ഭേദഗതി നിലവിലെ മാനദണ്ഡങ്ങൾക്ക് അനുസരണമായി നടപ്പാക്കാൻ അനുമതി നൽകുന്നു. ഇത്തരം ഭേദഗതികൾ വരുത്തിയാലും അവ കാറ്റഗറി 1 - ൽ (2018-19-ലെ ബഡ്ജറ്റ് തുകയ്ക്ക് പുറത്ത്) ഉൾപ്പെടുത്താവുന്നതാണ്.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്

3.7 മത്സ്യ തൊഴിലാളികൾക്ക് നൽകുന്ന എല്ലാ ധനസഹായങ്ങളും - ഉല്പാദന മേഖലയിൽ വരുന്ന രീതിയിലാണ് സുലേഖ സോഫ്റ്റ് വെയറിൽ കോഡ് ചെയ്തിരിക്കുന്നത്. ഉദാഹരണത്തിന് മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ തുടങ്ങിയവ ഉത്പാദന മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ പ്രോജക്ടും ഏത് മേഖലയിൽ

(ഉല്പാദനം, പശ്ചാത്തലം, സേവനം) എന്ന് കണക്കാക്കി അതാതു മേഖലയിൽ പ്രോജക്റ്റുകൾ ഉൾപ്പെടുന്ന രീതിയിൽ കോഡുകൾ അടുത്ത സാമ്പത്തിക വർഷം മുതൽ നൽകാൻ തീരുമാനിച്ചു.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ )വകുപ്പ്

3.8 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.04.2018-ലെ 400/2018/DPC/DPO -ാാം നമ്പർ കത്ത്

ജില്ലാ പ്ലാനിംഗ് ഓഫീസിൽ പ്രവർത്തിക്കുന്ന ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് മറ്റു തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതല കൂടി നൽകാറുണ്ട്. ചില സമയങ്ങളിൽ ഐ.കെ.എം. ജില്ലാ കോഓർഡിനേറ്റർ/ ജില്ലാ ടെക്നിക്കൽ ഓഫീസർമാർ ജില്ലാ പ്ലാനിംഗ് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് മറ്റ് തദ്ദേശഭരണ സ്ഥാപന ങ്ങളുടെ കൂടി അധിക ചുമതല നൽകുന്നതിനാൽ പ്ലാനിംഗ് ഓഫീസിലെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അതിനാൽ ജില്ലാ പ്ലാനിംഗ് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റിന് മറ്റു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതല നൽകേണ്ടതില്ല. ഒഴിച്ചു കൂടാൻ പറ്റാത്ത സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ അധിക ചുമതല നൽകാവുന്നതാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം

**3.9 മലപ്പുറം ജില്ലാ പ്ലാനിംഗ് കമ്മിറ്റി മെമ്പറായ ശ്രീ. എ.കെ.അബ്ദുൾ റഹിമാന്റെ 20.04.2018-ലെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുത്തതിന്റെ റ്റി.എയും സിറ്റിംഗ് അലവൻസും ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്നു തന്നെ (ജില്ലാ പ്ലാനിംഗ് ഓഫീസ്) നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഒരു യോഗത്തിൽ പങ്കെടുക്കുന്നതിന് 400/- രൂപ സിറ്റിംഗ് ഫീയും യാത്രാബത്തയായി 600/- രൂപയും ചേർത്ത് ആകെ 1000/- രൂപ നൽകാൻ തീരുമാനിച്ചു. ഈ തുക ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്കുള്ള അലവൻസ് എന്ന വിഹിതത്തിൽ നിന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുവദിക്കേണ്ടതാണ്. അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇനിയും അലവൻസ് നൽകേണ്ടതില്ല.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്
2) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

**3.10** നടപ്പു അദ്ധ്യയന വർഷത്തിൽ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ക്ലാസ്സ് മുറികളിൽ കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്ക് തുടങ്ങിയവയുടെ കുറവുണ്ട്. ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ബഞ്ച്, ഡസ്ക്ക് , തുടങ്ങിയവ വാങ്ങി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

3.11 ചില നിർമ്മാണ പ്രോജക്ടുകൾ MGNREGS പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. ഉദാ:- MGNREGS പദ്ധതിയിലെ Labour/ Material Component ഉം പ്രോജക്ടിൽ ഉൾപ്പെടുത്തിയേക്കാം. ഇത്തരം പ്രോജക്ടുകൾ വെറ്റ ചെയ്യേണ്ട ഉദ്യോഗസ്ഥൻ ആരാണ് എന്നത് സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഇത്തരം പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണോ ആ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ ആ പ്രോജക്ട് ഉൾപ്പെടുന്ന വകുപ്പിന്റെ ഉയർന്ന ഉദ്യോഗസ്ഥനോ വെറ്റ് ചെയ്ത് സാങ്കേതികാനുമതി നൽകേണ്ടതാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.12 കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ അവതരിപ്പിച്ചു. അവതരണത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

1. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള പുതിയ വീടുകളുടേയും പണിപൂർത്തീകരിക്കാത്ത വീടുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളുടെ അനുമതിയോടെ കുടുംബശ്രീയുടെ നിർമ്മാണ യൂണിറ്റുകളെ ഏൽപ്പിക്കാവുന്നതാണ്.

   നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

2. കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ഒന്നു വീതം എങ്കിലും കെട്ടിട നിർമ്മാണ യൂണിറ്റും, ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റും തുടങ്ങേണ്ടതാണ്

   നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

3. കുടുംബശ്രീയുടെ പ്രൊഡക്ഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന ബിൽഡിംഗ് മെറ്റീരിയലുകളും സിമന്റ് ബ്രിക്കുകളും ലൈഫ് മിഷൻ, പി.എം.എ.വൈ ഭവന പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ ഗുണനിലവാരം ബന്ധപ്പെട്ട എഞ്ചിനീയർ ഉറപ്പ് വരുത്തണം.

   നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4. 07/02/2018 ലെ സ.ഉ(എം.എസ്) നം.20/2018/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതന വർദ്ധനവ് വരുത്തി ഉത്തരവ് നൽകിയിരുന്നു. എന്നാൽ 14/2/2018 ലെ സ.ഉ(കൈ) നം 22/2018/തസ്വഭവ ഉത്തരവിലെ 7.1.8 ഖണ്ഡികയിൽ ഈ വേതന വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല. 07.02.2018-ലെ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന രീതിയിൽ

വേതനം നൽകുന്നതിന് അനുമതി വേണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

(എ) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം (യോഗ്യതകൾ D.Ed Special (Autism Spectrum Disorder) Diploma in Early Childhood Special Education (DECSE) (Mental Retardation ) : D.Ed Special Education ( Cerebral Palsy): D.Ed Special Education ( Hearing Impairment): D.Ed Special Education (Visual Impairment) Diploma in Community based Rehabilitation, Diploma in Vocation Rehabiliation). ജി.ഒ(പി) No.56/2017/ ധന തീയതി 28.04.32017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 9 -ൽ പറയുന്ന അസി. ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 30,675/- രൂപ (മുപ്പതിനായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം ) നിരക്കിൽ ശമ്പളം അനുവദിക്കണം.

(ബി) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം ജി.ഒ(പി)നം.56/2017ധന തീയതി 28.04.2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 5-ൽ പറയുന്ന അസി. ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 23,100/ രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കണം.

(സി) ആയമാർക്ക് ഇതേ ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി 1-ൽ ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 17,325/ രൂപ(പതിനേഴായിരത്തി മൂന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കണം.

**തീരുമാനം** :-ഇവ അംഗീകരിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

5. മൊബൈൽ ABC യൂണിറ്റിന് വാഹനം വാങ്ങാൻ MPLAD, MLASDF തുടങ്ങിയ ഫണ്ടുപയോഗിച്ച് മൊബൈൽ എ.ബി.സി. യൂണിറ്റിന് വാഹനം വാങ്ങിയാൽ ഈ വാഹനം ഏതു തദ്ദേശഭരണസ്ഥാപനത്തിനാണോ കൈമാറുന്നത് ആ തദ്ദേശഭരണസ്ഥാപനത്തിന് മൊബൈൽ ക്ലീനിക്കിന്റെ തുടർനടത്തിപ്പിന് ഫണ്ടു വകയിരുത്താവുന്നതാണ്. എന്നാൽ വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം, തുടങ്ങിയവയ്ക്ക് തനത്ഫണ്ട് മാത്രമേ വകയിരുത്താവൂ.

നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

6. നിർമ്മാണ വസ്തുക്കൾ (സിമെന്റ്, കട്ടിള, ജനൽ ഫ്രെയിം, ടൈൽസ് ) ഉണ്ടാക്കുന്ന യൂണിറ്റുകൾ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിപ്പിച്ചു വേണം തുടങ്ങേണ്ടത്.

നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്

3.13 പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ഉച്ചകഴിഞ്ഞത്തെ പ്രവർത്തനത്തിന് നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും തസ്തികയുടെ അടിസ്ഥാന വേതനം (ആരോഗ്യ വകുപ്പിൽ പുതുതായി ജോലിക്ക് ചേരുമ്പോൾ ലഭിക്കുന്ന വേതനം) ധനവകുപ്പിന്റെ കൂടി അനുമതിയോടെ നൽകാൻ തീരുമാനിച്ചു. ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ പ്രോഗ്രാം മാനേജർ (NHM)എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്. അതാത് തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ ചെയ്ത് ഡോക്ടർമാരെ എടുക്കാവുന്നതല്ല. പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം രാവിലെ 8.00 മണിമുതൽ 1.00 മണിവരെയും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയും ആക്കുന്നതിന്റെ ഭാഗമായി മാത്രമേ അധികമായി ഡോക്ടർമാരേയും നേഴ്സുമാരേയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാവൂ.

നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

3.14 തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും മറ്റുമായി ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് 13.09.2017-ലെ 3036/2017/ തസ്വഭവ നമ്പറായി സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എല്ലാ ജില്ലകളിലും ഈ കമ്മിറ്റി രൂപീകരിക്കാൻ വേണ്ട അടിയന്തിര നടപടി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

നടപടി :- 1)തദ്ദേശസ്വയംഭരണ ( ഇ ഡബ്ല്യൂ )വകുപ്പ്
2) എല്ലാ ജില്ലാ കളക്ടർമാരും
3) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും

3.15 കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ചെയർമാൻ ബോർഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് യോഗത്തിൽ അവതരണം നടത്തി. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ കൃത്യതയോടെ നൽകാൻ ചെയർമാനോട് യോഗം നിർദ്ദേശിച്ചു.

നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ )വകുപ്പ്

3.16 **കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കൺസോർഷ്യം ചെയർമാന്റെ 21.05.2018-ലെ A 05/GOK - LSGD /18-1 -ലെ കത്ത്**

കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കൺസോർഷ്യം ചെയർമാൻ പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിച്ചു. നാളികേര വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്ന ഇംപ്ലിമെന്റിംഗ് ഏജൻസിയായി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുടെ കൺസോർഷ്യത്തെ അംഗീകരിക്കണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടു.

**തീരുമാനം :-** ചെയർമാന്റെ നിർദ്ദേശങ്ങൾ യോഗം തത്വത്തിൽ അംഗീകരിച്ചു. ഇംപ്ലിമെന്റിംഗ് ഏജൻസി ആയി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുടെ കൺസോർഷ്യത്തെ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

## 4. പ്രത്യേക വിഷയങ്ങൾ

===================

### 4.1 മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 10.05.2018-ലെ PG(1)6394/18-ാം നമ്പർ കത്ത്

മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് പരിശീലനം/ബോധവൽക്കരണം മാത്രം ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തുകൾ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമോ എന്ന് സ്പഷ്ടീകരണം വേണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** ഈ മേഖലയിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കു മാത്രമായി പ്രോജക്ടുകൾ എടുക്കാവുന്നതല്ല. എന്നാൽ മണ്ണു സംരക്ഷണത്തിന് പ്രത്യേകമായി പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവയുടെ ഭാഗമായി പരിമിതമായ രീതിയിൽ ബോധവൽക്കരണ പരിപാടി നടപ്പാക്കാവുന്നതാണ്. അതിന്മേൽ ഉചിതമായ തീരുമാനം നിർവ്വഹണ ഉദ്യോഗസ്ഥൻ/ വെറ്റിംഗ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

### 4.2 പാങ്ങോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.04.2018-ലെ AS- 6032/17-ാം നമ്പർ കത്ത്

2016-17-ൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം നൽകുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 147/17 അടങ്കൽ 9,00,000/- രൂപ) ഈ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് കുടുംബശ്രീയുടെ ആശ്രയ പദ്ധതിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. (ഭക്ഷ്യ ധാന്യ വിതരണത്തിന് ആവശ്യമായ ചലഞ്ച് ഫണ്ട് ഉണ്ട്). അതിനാൽ ഈ തുക ആശ്രയ കുടുംബങ്ങളുടെ വീട് മെയിന്റനൻസിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആശ്രയ കുടുംബങ്ങൾ ആയതിനാൽ അനുമതി നൽകുന്നു.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

### 4.3 വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2017-ലെ A1-7827/17ാം നമ്പർ കത്ത്

SC വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ 2017-18-ൽ വർഷം നടപ്പാക്കി.

(1) പ്രോനം. 175/18 എസ്.സി.വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് (വനിത) - 6,50,000/- രൂപ
(2) പ്രോ.നം.125/18 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - 1,95,000/- രൂപ

ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കളിൽ TTC, BEd, DEd PGDCA, DCA,Diploma in Multimedia എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് കൂടി ലാപ്ടോപ് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.4 കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 30.04.2018-ലെ കത്ത്**

മുനിസിപ്പൽ ചെയർമാൻ ഉപയോഗിച്ചുവരുന്ന വാഹനം (KL55M/3414) CHC യ്ക്ക് കൈമാറാനും 3 വർഷത്തെ ഡ്രൈവറുടെ വേതനമടക്കമുള്ള തുടർ ചെലവുകൾ നഗരസഭ വഹിക്കാനും നഗരസഭ അനുമതി ആവശ്യപ്പെട്ടിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 യോഗത്തിൽ ഇതു നിരസിച്ചിരുന്നു. ഇതു പുനഃപരിശോധിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ പിന്നീട് തീരുമാനമെടുക്കും

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.5 കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 20.02.2018-ലെ FC 128298/14-ാം നമ്പർ കത്തും നഗരകാര്യ ഡയറക്ടറുടെ 12.03.2018-ല DC3-4364/18/-ാം നമ്പർ കത്തും (LSGD - DB3/66/2018-LSGD)**

2017-18 ൽ ABC പദ്ധതി നടപ്പാക്കാൻ GEM (Govt Electronic Market) പോർട്ടൽ വഴി 5.00 ലക്ഷം രൂപയുടെ വാൻ വാങ്ങാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കണം

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.6 പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.03.2018-ലെ A2-18-ാം നമ്പർ കത്ത് (LSGD - DA1/359/2018-LSGD**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിന് ശ്രീമതി. കമലം പൊന്നാമ്പുര അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വിവാഹം നടന്നത് 30.04.2014-ൽ ആണ്. സാമ്പത്തികാവസ്ഥ പരിതാപകരമായതിനാൽ കാലതാമസം വന്നത് ഒഴിവാക്കി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.7പഞ്ചായത്ത് ഡയറക്ടറുടെ 13.03.2018-ലെ AF3- 9149/18-ാം നമ്പർ കത്തും മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2018-ലെ A2-317/18-ാം നമ്പർ കത്തും 23.01.2018-ലെ 1(8)-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനവും. (LSGD - DA1/368/2018 - LSGD)**

2016-17 -ൽ ഗ്രൂപ്പുകളുടെ ഇടവിളകൃഷിക്ക് ഇടവളകിറ്റ് വിതരണം ചെയ്തതിന്റെ വിലയായി 85,966/- രൂപ വെജിറ്റബിൾ ആന്റ്ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ ഓഫ് കേരളയ്ക്ക് നലകാനുണ്ട്. ഇതിന്റെ ബിൽ 30.03.2017-ൽ മുതുകുളം

സബ്ട്രഷറിയിൽ സമർപ്പിച്ചു. ബിൽ പാസായതായി ബിൽ ബുക്കിൽ രേഖപ്പെടുത്തി ലഭിച്ചുവെങ്കിലും സാങ്കേതിക പിഴവുകാരണം തുക മുകളിൽ പറഞ്ഞ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വന്നിട്ടില്ല. ട്രഷറിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായതിനാൽ അധിക തുക അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ഇത് ധനവകുപ്പ് പരിശോധിച്ച് നടപടിയെടുക്കുന്ന താണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.8 ചിക്കോലി ഗ്രാമപഞ്ചായത്തിലെ 3, 9 എന്നീ വാർഡുകളിലെ മെമ്പർമാർ നൽകിയ കത്ത് .**

2018-19-ലെ പദ്ധതി ആസൂത്രണ നടപടിക്രമങ്ങളിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്നും 3, 9 വാർഡുകളിൽ വികസന പ്രോജക്റ്റുകൾ എടുത്തിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ഇതുപരിശോധിച്ച് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി :- 1) തദ്ദേശസ്വയംഭരണ (എ.എ ) വകുപ്പ്

**4.9 ബഹു.കൊണ്ടോട്ടി എം.എൽ.എയുടെ 03.04.2018-ലെ കത്തും അരിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 31.03.2018-ലെ കത്തും**

പുലരി ന്യൂട്രിമിക്സിന്റെ പ്ലാന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2017-18 വർഷം 10.00 ലക്ഷം രൂപ വകയിരുത്തി. റിവോൾവിംഗ് ഫണ്ടായി ഈ തുക നൽകാവുന്നതാണ് എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018-ലെ യോഗം (ഖണ്ഡിക 4.32) നിർദ്ദേശിച്ചിരുന്നു. ഈ തീരുമാനം പുനഃപരിശോധിച്ച് റിവോൾവിംഗ് ഫണ്ടിനു പകരം സബ്സിഡിയായി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്

**4.10 നഗരകാര്യ ഡയറക്ടറുടെ 25.11.2017-ലെ DC3-36749/2017-ാം നമ്പർ കത്തും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 13.11.2017-ലെ C3-27922/16-നമ്പർ കത്തും**

കണ്ണൂർ കോർപ്പറേഷനിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെടുകയും ഇതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.09.2017-ലെ യോഗം അനുമതി നൽകുകയും ചെയ്തിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ '' നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കണമെന്ന നിബന്ധന പാലിക്കണം'' എന്നത് ''റോഡ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കണമെന്ന്'' തിരുത്തണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ഇപ്രകാരം തിരുത്തൽ വരുത്താൻ തീരുമാനിച്ചു. ഇത് 2017-18 ലേയ്ക്ക് മാത്രമാണ് ബാധകം

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.11 പഞ്ചായത്ത് ഡയറക്ടറുടെ 13.04.2018-ലെ F3-1276/2018-ാം നമ്പർ കത്തും വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.11.2017-ലെ A1/185/17-ാം നമ്പർ കത്തും. (LSGS - DA1-432/2018-LSGD)**

താഴെപ്പറയുന്ന പ്രോജക്ടുകൾ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബിൽ ക്യൂ ലിസ്റ്റിൽ വന്നിരുന്നു. 2016-17 -ലെ ബഡ്ജറ്റ് തുകയിൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. 2017 മെയ് മാസത്തിൽ 2017-18-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ഇതിന്റെ ബില്ലുകൾ മാറി നൽകി. ഈ തുക പ്രത്യേകമായി അനുവദിക്കണമെന്നത് സംബന്ധിച്ച്

| ക്രമ നം | പ്രോനം | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 230/17 | കോടംകല്ല് പെരളം റോഡ് ടാറിംഗ് (H/A വ്യത്യാസം) | 90,590/- |
| 2 | 223/17 | ഇൻസ്റ്റലേഷൻ ഓഫ് ഇലക്ട്രിക് മോട്ടോർ (44,408 +2,00,000) | 2,44,408/- |
| 3 | 230/17 | കോടംങ്കല്ല് പെരളം റോഡ് ടാറിംഗ് (H/A വ്യത്യാസം) | 2,10,665/- |
| 4 | 247/17 | KWA യ്ക്ക് തുക നിക്ഷേപിക്കൽ- മുക്കട കുടിവെള്ള പദ്ധതി | 1,30,000 |
| | | **ആകെ** | **6,75,663/-** |

**തീരുമാനം :-** ധന വകുപ്പിന്റെ പരിഗണനയ്ക്ക് വിടുന്നു

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.12 കൊടുവള്ളി എം.എൽ.എയുടെ 04.03.2018-ലോ 318/H/kdy/18-ാം നമ്പർ കത്തും താമരശ്ശേരി താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ /കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും**

താമരശ്ശേരി താലൂക്ക് ആശുപത്രി കാരുണ്യ ഡയാലിസിസ് സെന്ററിന് സാമ്പത്തിക സഹായം നൽകുന്നതിന് താമരശ്ശേരി താലൂക്കിൽപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് 10.00 ലക്ഷം രൂപ വീതം നൽകുന്നതിന് സർക്കാർ ഉത്തരവുണ്ടാകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി തീരുമാനമെടുക്കേണ്ട വിഷയമാണ്. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതി ശുപാർശ ചെയ്യുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.13 ക്ലാപ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.04.2018-ലെ C3-1150/2018-ാം നമ്പർ കത്ത്.**

ഗ്രാമപഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കാൻ 2017-18-ൽ 15.00 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും

വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. 2018-19-ൽ CCTV സ്ഥാപിക്കാനായി പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ജില്ലാ ആസൂത്രണസമിതി, വെറ്റിംഗ് ഓഫീസർ, അപ്പീൽ കമ്മിറ്റി എന്നിവിടങ്ങളിൽ പരിഗണിക്കേണ്ട വിഷയമാണ്.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.14 പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.02.2018-ലെ A2 - 88/18-ാം നമ്പർ കത്തും 17.01.2018-ലെ 2-ാം നമ്പർ ഭരണസമിതി തീരുമാനവും ഓഡിറ്റ് വകുപ്പിന്റെ 3.3-ാം നമ്പർ കുറിപ്പും**

നിർവഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഇ.എം.എസ്. ഭവന പദ്ധതിക്കായുള്ള എസ്.ബി. അക്കൗണ്ടിൽ വരവു വയ്ക്കുന്നതിനു പകരം (പവിത്രേശ്വരം സർവ്വീസ് സഹകരണ ബാങ്ക്) അതേ ബാങ്കിൽ മറ്റൊരു എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു. തുക 2010ലാണ് നിക്ഷേപിച്ചത്. ഇപ്പോൾ പലിശയടക്കം (31.03.2017വരെ ) 25,23,320/- രൂപ. ഈ തുക ലൈഫ് മിഷൻ പ്രകാരമുള്ള പദ്ധതിക്കോ പഞ്ചായത്തിന്റെ മറ്റു പ്രോജക്ടുകൾക്കോ ഉപയോഗിക്കാൻ അനുമതിയും സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അക്കൗണ്ടിൽ തുക നിക്ഷേപിച്ചതിൽ ക്രമരാഹിത്യമുണ്ടെന്നും ശേഷിക്കുന്ന തുക സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കണമെന്നും ഓഡിറ്റ് വകുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. വകുപ്പുതലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു.

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.15 ഏറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.09.2017-ലെ A3-818/2017-ാം നമ്പർ കത്ത്**

പഞ്ചായത്തിൽ സപ്ലൈകോ മുഖേന ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നുണ്ട്. വാടക കെട്ടിടത്തിലാണ് സ്റ്റോർ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. പ്രതിമാസ വാടക 8779/- രൂപ. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് പ്രതിമാസം 8779/- രൂപ പഞ്ചായത്തിൽ നിന്നടക്കാനും സ്റ്റോറിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിഷിംഗ് തുടങ്ങിയവയ്ക്ക് 1.00 ലക്ഷം രൂപ സപ്ലൈകോയ്ക്ക് അടയ്ക്കുന്നതിനും അനുമതി സംബന്ധിച്ച് .

**തീരുമാനം :-** വാടക നൽകാവുന്നതല്ല. മാവേലി സ്റ്റോർ തുടങ്ങുന്നതിന്റെ പ്രാഥമിക ചെലവായ 1.00 ലക്ഷം രൂപ മാത്രം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകുന്നു.

നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.16 ഓച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.04.2018-ലെ OP-3-3586/18 -ാം നമ്പർ കത്തും 05.05.2018-ലെ 6(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ശുചിത്വ കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് വാർഡ്/പഞ്ചായത്ത് കേന്ദ്രത്തിലേയ്ക്കും നീണ്ടകര ഷ്രെഡിംഗ് യൂണിറ്റിലേയ്ക്കും കൊണ്ടു പോകുന്നതിന് 4.50 ലക്ഷം രൂപ ചെലവഴിച്ച് വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്

നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

**4.17 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.04.2018-ലെ S4-7475/16-ാം നമ്പർ കത്ത്**

2013-14 വർഷം കോയിക്കൽ ചന്ത കുടിവെള്ള പദ്ധതി (69/14 - അടങ്കൽ 16,98,177/- രൂപ SCSP വിഹിതം) എന്ന പ്രോജക്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ഏറ്റെടുത്തിരുന്നു. ഇതിന്റെ പേരു മാറ്റി നിർവഹണ പ്രദേശത്തിന്റെ പേരായ പനന്തറ കുടിവെള്ള പദ്ധതി എന്ന പേരിൽ നടപ്പാക്കാൻ അനുമതി സംബന്ധിച്ച് ,

**തീരുമാനം :-** ഈ പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് ഒന്നിലധികം കേസുകൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടെന്നും കൂടാതെ പഴയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് റദ്ദു ചെയ്തിരിക്കുന്നു എന്നും യോഗം നിരീക്ഷിച്ചു ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തി

നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്
2) പട്ടികജാതി വികസന ഡയറക്ടർ

**4.18 ബഹു. കുന്നത്തൂർ എം.എൽ.എ.യുടെ 07.05.2018-ലെ കത്തും ശാസ്താംകോട്ട റിലവന്റ് സ്കൂൾ ഓഫ് മ്യൂസിക് ഡയറക്ടറുടെ 07.05.2018-ലെ കത്തും**

റിലവന്റ് സ്കൂൾ ഓഫ് മ്യൂസിക് നടത്തുന്ന ശിങ്കാരി മേളം പരിശീലന പരിപാടി ത്രിതല പഞ്ചായത്തുകളിൽ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**തീരുമാനം :-** ഇതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയും ആണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.19 വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 11.05.2018) പ്രസിഡിന്റിന്റെ തന്നെ 04.05.2018-ലെ C-21630/17-ാം നമ്പർ കുറിപ്പും**

ഇ.എം.എസ്. ഭവന പദ്ധതിക്കായി ചക്കുവരയ്ക്കൽ സർവീസ് സഹകരണ ബാങ്കിൽ നിന്ന് 75.00 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. മുതലിന്റെ തിരിച്ചടവ് ബ്ലോക്ക് പഞ്ചായത്തും പലിശ സർക്കാരുമാണ് വഹിക്കേണ്ടത്. ഇതിനകം മുതലിനത്തിൽ 61,50,000/- രൂപ തിരിച്ചടച്ചു. ബാക്കി 13,50,000/- രൂപ എന്നാൽ 2018-19

വികസനഫണ്ടിന്റെ ഒന്നാം ഗഡു അനുവദിച്ചപ്പോൾ ഇ.എം.എസ്. ഭവന വായ്പാ തിരിച്ചടവ് എന്ന നിലയിൽ 43,43,870/- രൂപ കുറവു ചെയ്തിരിക്കുന്നു. ഇതു പരിഹരിക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** ഇതു ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് റിപ്പോർട്ട് തുടർ നടപടിക്കായി തദ്ദേശസ്വയംഭരണ വകുപ്പു മുഖേന ധനവകുപ്പിന് നൽകേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്

.

**4.20 കോഴിക്കോട് കോർപ്പറേഷന്റെ വിവിധ LAR കേസുകളിൽ കൊടുത്തു തീർക്കാനുള്ള** നഷ്ട പരിഹാരം നൽകുന്നതു സംബന്ധിച്ച് (സർക്കാർ നോട്ട്(പേജ് 44, 45) ഫയലിലെ **കുറിപ്പ് (LSGD-RC-1/13/2015-LSG നമ്പർ)**

കോഴിക്കോട് കോർപ്പറേഷനിൽ വിവിധ LAR കേസുകളിലായി നഷ്ട പരിഹാര തുകയും പലിശയും ചേർത്ത് 15.00 കോടി രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് സെക്രട്ടറി അറിയിച്ചതനുസരിച്ച് കോർപ്പറേഷനിലെ വിവിധ LAR കേസുകളിൽ കൊടുത്തു തീർക്കാനുള്ള നഷ്ട പരിഹാരമായ 15.00 കോടി രൂപ കോർപ്പറേഷന്റെ 2017-18-ലെ ചെലവഴിക്കാത്ത പദ്ധതികളിൽ നിന്നും, നഗരസഭാ കൗൺസിൽ തീരുമാനത്തിനു വിധേയമായി ഉപയോഗിക്കുന്നതിന് 23.02.2018-ലെ 532/2018/തസ്വഭവ നമ്പറായി സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന് സാധൂകരണം സംബന്ധിച്ച്.

**തീരുമാനം :-** സാധൂകരണം നൽകുന്നു.
തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടുകൾ ഏതൊക്കെ ആവശ്യത്തിനാണ്/വിഭാഗത്തിനാണ് ഉപയോഗിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരം അനുമതി നൽകുമ്പോൾ ഏത് ആവശ്യത്തിനാണ് സ്ഥലം വാങ്ങിയത് എന്നുകൂടി പരിശോധിച്ച് അനുവദനീയമായ ഫണ്ട് ഉപയോഗിക്കാൻ മാത്രം കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തോടെ അനുമതി നൽകിയാൽ മതിയെന്നു തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (ആർ.സി ) വകുപ്പ്

**4.21 വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2018-ലെ B1- 3307/17-ാം നമ്പർ കത്തും 16.05.2018-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2017-18-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ശ്മശാനത്തിന് സ്ഥലം വാങ്ങാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. (പ്രോ.നം. 229/18 - അടങ്കൽ 14.50 ലക്ഷം രൂപ ) ഇതനുസരിച്ച് 50 സെന്റ് സ്ഥലം വാങ്ങി. ഇതിന്റെ ബിൽ ട്രഷറിയിൽ 31.03.2018-ൽ സമർപ്പിച്ചു. ക്യൂ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഗഡു സർക്കാർ നൽകാത്തതിനാൽ സ്ഥലം നൽകിയ ആൾക്ക് തുക

നൽകാൻ കഴിഞ്ഞിട്ടില്ല. സ്ഥലം നൽകിയ ഉടമയ്ക്ക് പണം അത്യാവശ്യമുള്ളതിനാൽ ഈ തുക തനത് ഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2018-19-ലെ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഗഡു അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം ) വകുപ്പ്

**4.22 വെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2018-ലെ A4-375/18-ാം നമ്പർ കത്ത് (LSGD - DA1/448/2018/LSGD)**

പഞ്ചായത്തിൽ 115-ാം നമ്പർ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഒരു പ്രോജക്ട് 2005-06-ൽ ഉൾപ്പെടുത്തിയിരുന്നു. റവന്യൂ വകുപ്പ് സ്ഥലം കൈമാറാഞ്ഞതിനാൽ പ്രോജക്ട് നടപ്പാക്കാൻ വൈകി. പ്രോജക്ട് നടപ്പാക്കാൻ ഗുണഭോക്തൃ സമിതി കൺവീനർക്ക് തുക നൽകിയിരുന്നതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. 04.07.2016-ൽ റവന്യൂ വകുപ്പിന്റെ സ്ഥലത്ത് കെട്ടിടം പണിയാൻ അനുമതി ലഭിച്ചു. 2017-18-ൽ ഈ കെട്ടിടം പണിയാൻ പ്രോജക്ട് എടുത്തിട്ടുണ്ട്. ഗുണഭോക്തൃ സമിതി കുറച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. അങ്കണവാടി കെട്ടിടം മുൻപ് നടത്തിയ നിർമ്മാണ പ്രവൃത്തിയുടെ തുടർച്ചയായി പണിയാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** സമർപ്പിച്ചിരിക്കുന്ന രേഖകളും പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ കത്തും അപൂർണ്ണമാണ്. ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.23 ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.05.2018-ലെ കത്തും പഞ്ചായത്ത് സെക്രട്ടറിയുടെ 17.05.2018-ലെ കത്ത് 30.4.2018-ലെ 29/2-ാം നമ്പർ ഭരണസമിതി തീരുമാനവും 21.01.2018-ലെ 3/-ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിൽ പൊൻകുന്നം ടൗണിൽ 98 സെന്റ് സ്ഥലത്ത് 4 തട്ടുകളായി നാലു കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു. 34 വർഷം പഴക്കമുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയതനുസരിച്ച് നാലു കെട്ടിടങ്ങളുടേയും കൂടിയുള്ള വാല്യുവേഷൻ തുക 3,08,449/- രൂപയാണ്.പൊൻകുന്നത്ത് RIDF പദ്ധതി പ്രകാരം അഗ്രികൾച്ചർ മാർക്കറ്റിംഗ് കോംപ്ലക്സ് പണിയാൻ 5.00 കോടി രൂപ പഞ്ചായത്തിനനുവദിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞ് NABARD സഹായമായി ലഭിച്ച തുക ഉപയോഗിച്ച് പുതിയ കെട്ടിടം പണിയാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** NABARD വിഹിതം ഉപയോഗിച്ച് പുതിയ കെട്ടിടം പണിയാൻ അനുയോജ്യമായ സ്ഥലം വേറെ ലഭ്യമല്ലാത്തതിനാൽ ഈ കെട്ടിടം പൊളിച്ചു കളഞ്ഞ് പുതിയ കെട്ടിടം പണിയുന്നതിന് അനുമതി

നൽകാവുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു. അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.24 ബഹു. തലശ്ശേരി എം.എൽ.എ.യുടെ 19.04.2018-ലെ കത്തും എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2018-ലെ കത്തും**

എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ ഒരു പാർട്ട് ടൈം സ്വീപ്പറെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** 2500 ചതുരശ്രഅടി വിസ്തീർണ്ണമുള്ള കെട്ടിടമായ തിനാൽ പ്രത്യേകഅനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

**4.25 ബഹു. ചിറ്റൂർ എം.എൽ.എ.യുടെ 16.03.2018-ലെ 5/2018-ാം നമ്പർ കത്ത് (LSGD - DA1/381/2018-LSGD)**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽകൃഷിക്കുള്ള കൂലി ചെലവ് വർഷത്തിലെ രണ്ട് സീസണിലും കർഷകർക്ക് ലഭിക്കുന്ന രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അർഹമായ സബ്സിഡി തുക നൽകാൻ സർക്കാർ ഉത്തരവുണ്ട്. നിർബന്ധമായും പ്രോജക്ട് എടുക്കാൻ നിർദ്ദേശിക്കണമെന്നത് പരിഗണിച്ചില്ല.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.26 ബഹു. കൊയിലാണ്ടി എം.എൽ.എയുടെ 14.05.2018-ലെ കത്തും കെൽട്രോൺ കോഴിക്കോട് യൂണിറ്റ് ഹെഡിന്റെ കത്തും**

കെൽട്രോൺ ശ്രവണ സഹായികൾ, LED ലൈറ്റുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്ന് വാങ്ങാൻ ഉത്തരവുണ്ടാകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.27 കോഴിക്കോട് ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 23.04.2018-ലെ കത്ത്**

ജില്ലയൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കിഡ്നി, ക്യാൻസർ, എയ്ഡ്സ് രോഗികൾക്ക് 'സ്നേഹ സ്പർശം' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററുമായ സൊസൈറ്റി മുഖേനയാണ് ഇതു നടപ്പാക്കാക്കുന്നത്. ജില്ലാ പഞ്ചായത്തും

കോർപ്പറേഷനും 25.00 ലക്ഷം രൂപ വീതവും നഗരസഭകളും ബ്ലോക്ക് പഞ്ചായത്തും 5.00 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 3.00 ലക്ഷം രൂപ വീതവുമാണ് തുക കഴിഞ്ഞ വർഷം വകയിരുത്തിയിരുന്നത്. 2017-18-ലേയ്ക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ഓരോ വർഷവും പ്രത്യേക അനുമതി നൽകുന്നതിനു പകരം തുടർ വർഷങ്ങളിലും തുക നൽകാവുന്ന രീതിയിൽ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമന്ന നിബന്ധനയോടെ 2018-19 ലേയ്ക്ക് അനുമതി നൽകുന്നു. വരും വർഷങ്ങളിലേയ്ക്കുള്ളത് ഓരോ വർഷത്തേയും പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കും.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.28 അബ്ദു റഹിമാൻ നഗർ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 20.12.17 31.03.2018 എന്നീ തീയതികളിലെ A 392/2017-ാം നമ്പർ കത്തുകളും (LSGD- DA1-399/2018 - LSGD)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യാറത്തുംപടി മണ്ണിൽ തൊടി വീട്ടിൽ മാളു നെടുങ്ങാട് എന്നയാളുടെ മകളുടെ വിവാഹം കഴിഞ്ഞ് 11 മാസത്തിനുശേഷമാണ് വിവാഹ ധനസഹായത്തിന് അപേക്ഷ നൽകിയത്. ഇവർക്ക് വിവാഹ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.29 ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.04.2018-ലെ A4-5573/16-ാം നമ്പർ കത്ത് (LSGD - Da1/449/2018/LSGD)**

2012-13-ലെ വാർഷിക പദ്ധതിയിൽ 0.5 $m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിനു പകരം 1 $m^3$ ബയോഗ്യാസ് പ്ലാന്റ് ആണ് സ്ഥാപിച്ചത്. ഇതിനു തുക കൊടുക്കാൻ 27.08.2014-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ (ഖണ്ഡിക 3.25) അനുമതി നൽകിയിരുന്നു. ഉത്തരവായില്ല എന്ന കാരണത്താൽ ശുചിത്വ മിഷനിൽ നിന്ന് തുക നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വീണ്ടും വേണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 27.08.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.30 ബഹു. കടുത്തുരുത്തി എം.എൽ.എ.യുടെ 16.05.2018-ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2018-ലെ C - 70/18-ാം നമ്പർ കത്തും 11.05.2018-ലെ 4-ാം നമ്പർ ഭരണ സമിതി തീരുമാനവും**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 8 ഗ്രാമഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് പൊടിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ 42.00 ലക്ഷം രൂപ മുടക്കി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ആവർത്തന ചെലവിനും വേതനം നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് വയബിലിറ്റിഗ്യാപ് ഫണ്ട് വകയിരുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഷ്രെഡു ചെയ്ത പ്ലാസ്റ്റിക്കിൽ നിന്നും കിട്ടുന്ന വരുമാനം ചെലവ് എന്നിവയടക്കം മറ്റു വിവരങ്ങൾ നൽകിയിട്ടില്ല. ഈ വിവരങ്ങൾ ശുചിത്വ മിഷന് നൽകണം. ശുചിത്വ മിഷന്റെ റിപ്പോർട്ടനുസരിച്ച് പിന്നീട് തീരുമാനമെടുക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.31 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.05.2018-ലെ plg.220/18-19/DPC/DPO/TVM നമ്പർ കത്ത്**

ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശഭരണ സ്ഥാപനതല കായിക - കലാ മത്സരങ്ങൾ നടത്തുന്നതിന് ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. കുട്ടികളോടൊപ്പം ഭിന്നശേഷിക്കാരായ മുതിർന്നവരെ കൂടി ഉൾപ്പെടുത്തി മത്സരം നടത്താൻ അനുമതി നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :** 2017-18-ൽ ഗെയിംസ് ഫെസ്റ്റിവൽ നടത്തിയ ജില്ല എന്ന നിലയിൽ തിരുവനന്തപുരം ജില്ലയ്ക്ക് ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.32 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18.05.2018-ലെ plg.220/18-19/DPC/DPO/TVM നമ്പർ കത്ത്**

മുട്ടക്കോഴികളെ നൽകുന്നതിന് ആസൂത്രണ മാർഗ്ഗരേഖയിൽ അനുമതിയുണ്ട്. (14.02.2018 -ലെ 22/2018/തസ്വഭവ ഉത്തരവ് ഖണ്ഡിക 6.2.7) മുട്ടക്കോഴികളോടൊപ്പം ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് ചെലവ് കൂടുതൽ ആയതനാലും പലർക്കും കൂടുള്ളതിനാലും നിർബന്ധമായും കൂട് വാങ്ങണമെന്ന നിബന്ധന ഒഴിവാക്കണമെന്നതു സംബന്ധിച്ച് .

**തീരുമാനം :** കൂടിന് ചെലവിന്റെ 25 ശതമാനമാണ് നിലവിൽ സബ്സിഡി നൽകുന്നത്. ഇത് 50 ശതമാനമായി വർദ്ധിപ്പിക്കുന്നു. കൂട് ഉള്ളവർക്ക് പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നിർബന്ധമായും വാങ്ങണമെന്ന നിബന്ധന ഒഴിവാക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.33 അട്ടപ്പാടി നോഡൽ ഓഫീസറുടെ 23.03.2018-ലെ B1-949/18- ാം നമ്പർ കത്ത് (LSGD-DA1/394/2018- LSGD)**

അട്ടപ്പാടിയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ്സിഡി മാർഗ്ഗരേഖയിൽ താഴെപ്പറയുന്നയിൽ ഇളവുകൾ നൽകണമെന്നാവശ്യം സംബന്ധിച്ച്.

(i) കാർഷിക മേഖലയിൽ വ്യക്തിഗത സബ്സിഡി ലഭിക്കാൻ റവന്യൂ വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശരേഖയ്ക്ക് പകരം കൈവശ ഭൂമി സംബന്ധിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാൻ അനുമതി.

(ii) സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് തൊട്ടു മുമ്പുള്ള വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതായിരിക്കണമെന്നാണ് നിബന്ധന. അട്ടപ്പാടി കോഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, വട്ടുലക്കി ഗിരിജൻ കോഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നവ യാണ്. അതിനാൽ ഈ സ്ഥാപനങ്ങളെ മുകളിൽ പറഞ്ഞ നിബന്ധനയിൽ നിന്നൊഴിവാക്കണം.

(iii) അങ്കണവാടികൾ പ്രവർത്തിക്കുന്നില്ലാത്ത സങ്കേതങ്ങളിൽ പ്രത്യേക വിജ്ഞാൻവാടികൾ, ബാലവാടികൾ എന്നിവ ആരംഭിക്കുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന് അനുമതി.

**തീരുമാനം :** നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്ക് കൂടി വിധേയമാക്കണമെന്ന നിബന്ധനയോടെ അട്ടപ്പാടി മേഖലയ്ക്ക് മാത്രമായി മുകളിൽ പറഞ്ഞവയ്ക്ക് പ്രത്യേക അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.34 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.03.2017-ലെ 5167/ D-എൻ /2017/KSHO നമ്പർ കത്തും മണ്ണാർകാട് നഗരസഭാ കൗൺസിലിന്റെ 7-ാം നമ്പർ ഭരണ സമിതി തീരുമാനവും**

മണ്ണാർക്കാട് നഗരസഭയിൽ PMAY (Urban) പദ്ധതി പ്രകാരം 592 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ നഗരസഭാ വഹിതം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. പുതിയ നഗരസഭ എന്നതിനാൽ 1.00 കോടിരൂപ അടിസ്ഥാന വികസനത്തിന് ലഭിച്ചിട്ടുണ്ട്. PMAYപദ്ധതിയുടെ നഗരസഭാ വിഹിതമായി ഈ തുക ഉപയോഗിക്കുന്നതിന് സർക്കാർ സാധൂകരണം വാങ്ങണമെന്ന നിബന്ധനയോടെ അംഗീകാരം നൽകിയിരുന്നു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :** പിന്നീട് പരിഗണിക്കും

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

**4.35 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2018-ലെ DP -15-1283/18- ാം നമ്പർ കത്ത് .**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.സനൽ എം.ആർ, മുപ്പേലിപ്പറത്ത്, മലയാറ്റൂർ.പി.ഒ എന്ന ആൾ ഓസ്ട്രേലിയയിൽ Key 2 Learning Canberra Technoogy Park -ൽ ഹെൽത്ത് ആന്റ്കമ്മ്യൂണിറ്റി സർവ്വീസ് പ്രോഗ്രാം എന്ന കോഴ്സിന് സഹായം

നൽകുന്നതിന് അനുമതി സംബന്ധിച്ച്. 2 വർഷ കോഴ്സാണ്. 20.00 ലക്ഷം രൂപയാണ് പഠന ചെലവ്.

**തീരുമാനം :** മുകളിൽ പറഞ്ഞത് സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സാണ്. മറ്റു വിശദാംശങ്ങൾ നൽകിയിട്ടില്ല. പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞ് പിന്നീട് തീരുമാനിക്കും. പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ കാലതാമസം ഒഴിവാക്കി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ട് നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

**4.36പഞ്ചായത്ത് ഡയറക്ടറുടെ 18.05.2018-ലെ Ju - 41/36/2016-ാം നമ്പർ കത്ത്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ''സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി''യിൽ (SMAF) ഉൾപ്പെടുത്തി വൃക്ഷങ്ങളുടെ നഴ്സറി തയ്യാറാക്കൽ, വൃക്ഷ പ്ലാന്റേഷൻ (ഹൈഡൻസിറ്റി, ലോ ഹൈഡൻസിറ്റി, ബൗണ്ടറി പ്ലാന്റേഷൻ എന്നീ 3 ഘടകങ്ങൾ) എന്നീ പദ്ധതികൾ കൃഷി വകുപ്പ്, വനം വകുപ്പിന്റേയും പഞ്ചായത്ത് വകുപ്പിന്റേയും സഹകരണത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. താഴെപ്പറയുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്.

1) ഗുണഭോക്താവ് സ്വന്തം നിലയിൽ ഒരു നഴ്സറി നിർമ്മിക്കുന്നു എങ്കിൽ 50 % SMAF പദ്ധതി പ്രകാരമുള്ള സബ്സിഡി നൽകാവുന്നതും തൈകൾ ഗുണഭോക്താവിന് സ്വന്തം നിലയിൽ വിൽക്കാവുന്നതുമാണ്.
2) ഗുണഭോക്താവ് പഞ്ചായത്തിനു വേണ്ടി ഒരു നഴ്സറി നിർമ്മിക്കുന്നുവെങ്കിൽ 50% SMAF പദ്ധതി പ്രകാരമുള്ള സബ്സിഡിയും 50% പഞ്ചായത്ത് വിഹിതമായും നൽകേണ്ടതാണ്. ഈ തൈകൾ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതും ഗുണഭോക്താവിന് ഒരു നിശ്ചിത ഉല്പാദന ഇൻസെന്റീവ് നൽകാവുന്നതുമാണ്.
3) ഗുണഭോക്താവ് പഞ്ചായത്തിനുവേണ്ടി ഒരു നഴ്സറി നിർമ്മിക്കുന്നുവെങ്കിൽ 50% SMAF പദ്ധതി പ്രകാരമുള്ള സബ്സിഡിയും 25% പഞ്ചായത്ത് വിഹിതവും 25% ഗുണഭോക്തൃ വിഹിതവും ചേർത്ത് നഴ്സറി നിർമ്മിക്കുകയും ഈ തൈകൾ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതും ഗുണഭോക്താവിന് ഒരു നിശ്ചിത ഉല്പാദന ഇൻസെന്റീവ് നൽകാവുന്നതുമാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ SMAF പദ്ധതിയുടെ നിർവഹണ ത്തിനായി 25% മുതൽ 50 % വരെ തുക പഞ്ചായത്ത് വിഹിതമായി നൽകേണ്ടി വരുന്നതിനാൽ ഈ തുക പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇതിന്മേൽ തീരുമാനമെടുക്കാവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി ) വകുപ്പ്

**4.37 കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2018-ലെ B-681/18-ാം നമ്പർ കത്ത്.**

ബ്ലോക്ക് പഞ്ചായത്തിൽ 1,70,19,844/- രൂപ ഐ.എ.വൈ അക്കൗണ്ടിൽ മിച്ചമുണ്ട്. ലൈഫ് പദ്ധതിയിൽ സ്പിൽഓവർ പദ്ധതിക്കായി 77,83,341/- രൂപ ആവശ്യമുണ്ട്. 2015-16-ൽ 192 പേർക്ക് ഐ.എ.വൈ. പദ്ധതി പ്രകാരം വീട് നൽകിയപ്പോൾ സംസ്ഥാന വിഹിതം (54,50,000/-രൂപ നൽകിയില്ല). 2016-17-ൽ 13 പട്ടികജാതി ഗുണഭോക്താക്കൾക്ക് എസ്.സി. വകുപ്പിൽ നിന്നും നൽകേണ്ട (13.00 ലക്ഷം രൂപ) നൽകിയില്ല. ലൈഫ് പദ്ധതിയുടെ സ്പിൽ ഓവർ തുക ഒഴിച്ചുള്ള ബാക്കി തുകയിൽ നിന്നും മുകളിൽ പറഞ്ഞ വിഹിതം നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :** ഇതിനാവശ്യമായ തുക നൽകിയിട്ടുണ്ടെന്ന് ഗ്രാമ വികസന കമ്മീഷണർ അറിയിച്ചു. അതിനാൽ അനുമതി നിരസിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**4.38 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.05.2018-ലെ 5305/18/DPC/DPO/EKM നമ്പർ കത്ത്**

2018-19 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ എസ്.സി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന എസ്.സി. വൃദ്ധർക്ക് കട്ടിൽ, ലാപ് ടോപ് വിതരണം, മേശ, കസേര, ഓട്ടോറിക്ഷ വാങ്ങൽ തുടങ്ങിയ പ്രോജക്ടുകളുടെ പരിശോധനാ ചുമതല ബ്ലോക്ക് തല പട്ടികജാതി വികസന ഓഫീസർ ഏറ്റെടുക്കുന്നില്ല. ഇതിന്മേൽ നിർദ്ദേശം നൽകണമന്നത് സംബന്ധിച്ച്.

**തീരുമാനം :** ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ ആസൂത്രണസമിതിയും നിർദ്ദേശിച്ചിട്ടും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ പ്രോജക്ടുകൾ വെറ്റ് ചെയ്യുന്നില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥ ൻമാരുടെ വീഴ്ചയാണെന്ന് യോഗം നിരീക്ഷിച്ചു. ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം മാർഗ്ഗരേഖയുടെ ഖണ്ഡിക 3.8.1.(2)-ൽ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ നടപടിയെടുക്കാൻ പട്ടികജാതി വികസന ഡയറക്ടറോടും ജില്ലാ കളക്ടറോടും നിർദ്ദേശിക്കുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്

**4.39 വാഴക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2018-ലെ B4- 50/18-ാം നമ്പർ കത്ത്.**

ഈ വർഷം തെരുവ് വിളക്ക് വാങ്ങലിനും റിപ്പയറിംഗിനുമായി പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട് (പ്രോ.നം. 138/19 അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് 4.00 ലക്ഷം രൂപ. തനത് ഫണ്ട് 14,30,000/- രൂപ) തെരുവുവിളക്ക് റിപ്പയറിംഗ് ടെണ്ടറിലൂടെ നടത്തുന്നതിനു പകരം പഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു വാഹനം വാങ്ങാനും ഓരോ ഇലക്ട്രീഷ്യൻ,

മെക്കാനിക്ക്, ഡ്രൈവർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനും അനുമതി സംബന്ധിച്ച് .

**തീരുമാനം :** വാഹനം വാങ്ങാൻ അനുമതി നൽകുന്നു. വാഹനം ഓടിക്കാൻ കൂടി അറിയാവുന്ന മെക്കാനിക്ക്/ ഇലക്ട്രീഷ്യനെ നിയമിക്കണം. 2 പേരെ മാത്രമേ കരാറടിസ്ഥാനത്തിൽ എടുക്കാവൂ.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

## 4.40 കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.05.2018-ലെ കത്ത്

വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് കേരളത്തിൽ നാഷണൽ ന്യൂട്രീഷ്യൻ മിഷൻ നടപ്പാക്കുകയാണ്. നാഷണൽ ന്യൂട്രീഷ്യൻ മിഷന്റെ ഭാഗമായി മുന്നോട്ടു വച്ചിട്ടുള്ള വിവിധ പ്രോജക്ടുകൾക്ക് (സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ, 9, 10 ക്ലാസ്സിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകൽ, ആവശ്യമായ കുട്ടികൾക്ക് അവധിക്കാലത്ത് പ്രാതൽ - ഉച്ച ഭക്ഷണം നൽകൽ തുടങ്ങിയവ) ആവശ്യമായ ഫണ്ട് വകയിരുത്താൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :** അനുമതി നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഐ.എ ) വകുപ്പ്

## 4.41 പെരിന്തൽമണ്ണ നഗരസഭാ ചെയർമാന്റെ 22.05.2018-ല കത്ത്

പെരിന്തൽമണ്ണ നഗരസഭയുടെ ആരോഗ്യ മേഖലയിലെ അലോപതി പദ്ധതികൾ നിർവഹിച്ചിരുന്നത് താലൂക്ക് ആശുപത്രി സൂപ്രണ്ടായിരുന്നു. 2013-ൽ താലൂക്കാ ശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ ഇത് ജില്ലാ പഞ്ചായ ത്തിന്റെ കീഴിലായി. എന്നിരുന്നാലും 2016-17 വരെ നഗരസഭയുടെ ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ ജില്ലാ ആശുപത്രി സൂപ്രണ്ടു തന്നെയാണ് നടപ്പാക്കിയത്. 2018-19 മുതൽ നഗരസഭയുടെ ഇത്തരം പ്രോജക്ടുകൾ ജില്ലാ ആശുപത്രി മുഖേന നടപ്പാക്കേണ്ടതില്ലെന്ന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തു. ജില്ലാ ആശുപത്രി സൂപ്രണ്ടിനെ തന്നെ പെരിന്തൽമണ്ണ നഗരസഭയുടെ ആരോഗ്യ മേഖലയിലെ (അലോപ്പതി) പ്രോജക്ടുകൾ നിർവഹണം നടത്താൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച് .

**അഭിപ്രായക്കുറിപ്പ് :** നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കാനും ജില്ലാ ആശുപത്രി സൂപ്രണ്ട്/ഡെപ്യൂട്ടി സൂപ്രണ്ടിന്റെ സാങ്കേതിക സഹായ ത്തോടെ പ്രോജക്ട് നടപ്പാക്കുന്ന രീതി അവലംബി ക്കാനും നിർദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ ഉത്തരവ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്

**4.42 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ 22.05.2018-ലെ KGPA/LM/FR/2018/2502-ാം നമ്പർ കത്ത്.**

തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കോർത്തിണക്കി ഇവ ഡോക്യുമെന്റ് ചെയ്യുന്നതിനും വിഷ്വൽ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും ഇതിന്റെ ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം :** ഒരു ഭരണ സമിതിയുടെ കാലഘട്ടത്തിൽ ഒരിക്കൽ മാത്രം ഡോക്യുമെന്റ് ചെയ്യാൻ പരമാവധി 1.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**4.43 പഞ്ചായത്ത് ഡയറക്ടറുടെ 21.05.2018-ലെ J4-9385/18-ാം നമ്പർ കത്ത്**

ബ്ലോക്ക് പഞ്ചായത്തുകളിൽ RGSA ഫണ്ടുപയോഗിച്ച് വെർച്വൽ ക്ലാസ് റൂമിൽ ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയ്ക്ക് 5 വർഷത്തെ വാറണ്ടി ഉണ്ടെങ്കിലും ഇടിമിന്നൽ പോലുള്ള കാരണങ്ങളാൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ വാറന്റിയിൽ ഉൾപ്പെടില്ല. ഇത്തരം സാഹചര്യങ്ങളിൽ ഇവയുടെ കേടുപാടു തീർക്കാൻ ബ്ലോക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :** ഏതെങ്കിലും ബ്ലോക്കിൽ നിന്നും ഇപ്രകാരം ആവശ്യം വരുമ്പോൾ അവർക്ക് മാത്രമായി അനുമതി നൽകാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു. പൊതുവായ അനുമതി നൽകുന്നില്ല.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

************